**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2088** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് വിമാനതാവളത്തിലെ ഐ.എൽ.എസ് സംവിധാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ സ്ഥാപിക്കുന്നതിനായി എത്തിച്ചിട്ടുള്ള ഐ.എൽ.എസ് (ഇൻസ്ട്രുമെന്റൽ ലാൻഡിങ് സിസ്റ്റം) കൊൽക്കത്ത വിമാനത്താവളത്തിലേക്ക് മാറ്റുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ബി)** 2020 ആഗസ്റ്റ് 7 ന് ഈ വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ നെടിയിരുപ്പ് ഭാഗത്തുള്ള (റൺവേ 10) ഐ.എൽ.എസിന് കേടുപാടുകൾ പറ്റുകയും നിലവിൽ അതിന്റെ കാലാവധി അവസാനിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് വിമാനത്താവളത്തിൽ 2020 ആഗസ്റ്റ് 7-ന് ഉണ്ടായ വിമാനാപകടത്തിൽ ILS RWY 10-ന്റെ ഭാഗമായ ലോക്കലൈസർ ആന്റിനയ്ക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. അത് 2020 സെപ്റ്റംബർ 15-ന് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

**(സി)** പ്രതികൂല കാലാവസ്ഥയിൽ ലാൻഡിങ്ങിന് വൈമാനികരെ സഹായിക്കുന്ന പ്രധാന സംവിധാനമായ ഐ.എൽ.എസ്. ഈ വിമാനത്താവളത്തിൽ നിന്ന് മാറ്റാതിരിക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** RWY 10-ൽ സ്ഥാപിച്ചിരിക്കുന്ന ILS സംവിധാനം തൃപ്തികരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും, അത് സൈറ്റിൽ നിന്ന് നീക്കം ചെയ്യുന്നതല്ലെന്നും കോഴിക്കോട് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**